## അദ്ധ്യായം ഒന്ന്

# ശരിയായ ലക്ഷ്യനിർണ്ണയം

**(Setting the Right Goal)**

ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു ശുശ്രൂഷകൻ വിജയിയായി കാണപ്പെടണമെങ്കിൽ ആ ശുശ്രൂഷകൻ തന്നെക്കുറിച്ചുള്ള ദൈവഹിതം എന്തെന്ന് മനസ്സിലാക്കിയവനായിരിക്കണം. ലക്ഷ്യബോധമില്ലാത്ത ഒരു ശുശ്രൂഷകൻ, തനിക്കുായത് വിജയമാണോ പരാജയമാണോ എന്നു പോലും തിരിച്ചറിയുന്നില്ല. അതൊരു മഹാദുരന്തമാണ്. 800 മീറ്റർ ഓട്ടത്തിൽ ഒന്നാമനായി ഓടി കാണികളുടെ കയ്യടിവാങ്ങി വിജയമുറപ്പാക്കി ഓട്ടം അവസാനിപ്പിക്കുമ്പോൾ ഈ ഓട്ടക്കാരൻ[1] ഒരു ദുഃഖസത്യം മനസ്സിലാക്കുന്നു – താൻ പങ്കെടുത്തത് 800 മീറ്റർ ഓട്ടത്തിനല്ല 1600 മീറ്റർ ഓട്ടത്തിനാണ്. തന്റെ ലക്ഷ്യബോധം നഷ്ടപ്പെട്ടതാണ് ഈ ഓട്ടക്കാരന്റെ പരാജയകാരണം. വിജയിച്ചെന്നുകരുതിയ താൻ പരാജയപ്പെട്ടു എന്ന് അവൻ അറിയുന്നു. *മുമ്പന്മാർ പിമ്പന്മാരാകും* എന്ന ചൊല്ല് ഇവിടെ യാഥാർത്ഥ്യമാകുന്നു.

മിക്ക ശുശ്രൂഷകന്മാർക്കും വ്യക്തമായ ലക്ഷ്യമുു്, ഇത് അവരുടെ ദർശന വുമായി ചേർന്നു പ്രവർത്തിക്കുന്നു. ഈ ദർശനം പൂർത്തീകരിക്കപ്പെടുന്നത് തന്റെ വിളിയുടേയും, ലഭിച്ച കൃപാവരത്തിന്റേയും അടിസ്ഥാനത്തിലാണ്. ഓരോരുത്തരുടേയും വിളിയും തിരഞ്ഞെടുപ്പും വ്യത്യസ്ഥമാണ്. ഒരുവനെ ഒരു പ്രത്യേക സ്ഥലത്തെ പാസ്റ്ററായിരിക്കാൻ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട സ്ഥലത്തെ സുവിശേഷീകരിക്കാൻ, അതുമല്ലെങ്കിൽ ഉപദേഷ്ടാവെന്നനിലയിൽ ചില സത്യങ്ങൾ വെളിപ്പെടുത്താൻ ആയിരിക്കാം വിളിച്ചിരിക്കുന്നത്. എന്നാൽ *ഓരോ* ശുശ്രൂഷകനും ദൈവഹിത പ്രകാരമുള്ള ലക്ഷ്യം ബാധകമാണ് അതായത് വലിയ ദർശനം, ഒരുവന്റെ ദർശനത്തിന്റെ പിന്നിൽ പൊതുവായ ദൈവിക ലക്ഷ്യം പ്രവർത്തിക്കുന്നു്. ഒരു ശുശ്രൂഷകന്റെ ദർശനവും ആ ശുശ്രൂഷകനെക്കുറിച്ചുള്ള ദൈവിക ദർശനവും വിഭിന്നമാകാറു്. ചിലരുടെ ദർശനം, ദൈവം കാംഷിക്കുന്ന പൊതുവായ ദർശനത്തിന് എതിരായിരിക്കും. വളരുന്ന ഒരു സഭയുടെ പാസ്റ്ററായി പ്രവർത്തിക്കുമ്പോൾ ഞാനും ഈ അവസ്ഥ അനുഭവിച്ചവനാണ്.

---

[1] . ഈ പുസ്തകത്തിൽ ഉടനീളം ശുശ്രൂഷകന് പുല്ലിംഗ ഏകവചനരൂപമായ അവൻ എന്ന സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത്. ശുശ്രൂഷകരിൽ ഭൂരിഭാഗവും പുരുഷന്മാരായതുകൊാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. സ്ത്രീകളും ശുശ്രൂഷക്കുവേി വിളിക്കപ്പെട്ടവരാണെന്നും ശക്തമായി ദൈവത്താൽ ഉപയോഗിക്കപ്പെടുന്നവരാണെന്നും അറിയാം. സ്ത്രീകളുടെ ശുശ്രൂഷ എന്നൊരദ്ധ്യായം തന്നെ ഞാൻ ഇതിൽ ചേർത്തിട്ടു്.

ഓരോ ശുശ്രൂഷകനും പൊതുവായി ഉായിരിക്കണമെന്ന് ദൈവം ആശിക്കുന്ന ദർശനമെന്താണ്? മത്തായി 28:18-20ൽ നമുക്ക് ഇതിന്റെ ഉത്തരം കത്തൊം. ഇതിനെ വാക്യപ്രതിവാക്യമായി നമുക്കു ചിന്തിക്കാം.

യേശു അവരോടു പറഞ്ഞു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

സർവ്വഅധികാരവും പുത്രന് നൽകിയിരിക്കുന്നു എന്ന് ശിഷ്യന്മാർ അറിയണമെന്ന് യേശു ആഗ്രഹിച്ചു. പിതാവിന്റെ അധികാരം ലഭിക്കുന്നവൻ യേശുവിനെ അനുസരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. മറ്റുപലർക്കും ലഭിച്ച അധികാരത്തിൽനിന്നും വ്യത്യസ്തമായി പിതാവ് പുത്രന് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും നൽകി. യേശു കർത്താവാകുന്നു (ഖലൗെ ശ െഘീൃറ).

യേശുവിനെ കർത്താവെന്ന് അംഗീകരിക്കാത്തവൻ യേശുവിനെ ശരിയായി അറിയുന്നില്ല - യേശു കർത്താവാകുന്നു. പുതിയ നിയമത്തിൽ 600 പ്രാവശ്യത്തിൽ കുടുതൽ യേശു കർത്താവ് എന്ന് എഴുതിയിരിക്കുന്നു (യേശു രക്ഷകനെന്ന് 15 പ്രാവശ്യമേ പ്രതിപാദിച്ചിട്ടുള്ളു). മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകേതിനല്ലോ ക്രിസ്തു മരിക്കുകയും ഉയിർക്കുകയും ചെയ്തത് (റോമർ 14:9). ലോകത്തിന്മേൽ കർത്താവായി വാഴുവാനാണ് യേശു മരിച്ച് ഉയർത്തെഴുന്നേറ്റത്.

## രക്ഷിക്കുന്ന ഉത്തമ വിശ്വാസം
## (True Saving Faith)

രക്ഷിക്കപ്പെടാത്തവർ, ക്രിസ്തുവിനെ രക്ഷകനായി കൈക്കൊള്ളാൻ പാസ്റ്റർമാരും സുവിശേഷകരും ആഹ്വാനം ചെയ്യുന്നു (ഇത് ദൈവ വചനത്തിലില്ല). സുവിശേഷത്തെക്കുറിച്ച് അവർക്കുള്ള പരിജ്ഞാന ക്കുറവ് ഇതിൽനിന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന്, കാരാഗൃഹപ്രമാണി പൗലോസിനോട്, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണമെന്ന് ചോദിച്ചു. യേശുവിനെ രക്ഷകനായി കൈകൊള്ളുക - പ ൗലോസ് ഇങ്ങനെ പറഞ്ഞില്ല. പൗലോസ് പറഞ്ഞു: കർത്താവായ യേശുവിൽ വിശ്വസിക്കൂ എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അ.പ്ര. 16:31) യേശുവിൽ വിശ്വസിക്കുമ്പോൾ ജനം രക്ഷിക്കപ്പെടുന്നു. യേശുവിനേയോ രക്ഷയേയോ കുറിച്ചുള്ള ഉപദേശമല്ല കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് ജനത്തെ രക്ഷയിലേക്ക് നയിക്കുന്നത്. ഈ വിശ്വാസം രക്ഷ ഉറപ്പാക്കുന്നു. അതാണ് രക്ഷിക്കുന്ന വിശ്വാസം. യേശുവിന്റെ മരണം പാപത്തിന് പ രിഹാരമാണ്. എന്നാൽ രക്ഷ വിശ്വാസത്തിലാണ്. യേശു, രക്ഷ, രക്ഷിക്കുന്ന വിശ്വാസം -- ഇങ്ങനെ യേശുവിനേയും രക്ഷയേയും കുറിച്ച് അനേകപ്രതിപാദ്യങ്ങളു്. പക്ഷേ അവയ്ക്കൊന്നും ഫലം ഉളവാക്കാൻ

കഴിയുകയില്ല. കാരണം പിശാചും ഇതൊക്കെ വിശ്വസിക്കുന്നു. *യേശുവിലുള്ള* വിശ്വാസമാണ് രക്ഷിക്കുന്ന വിശ്വാസം അവൻ ആരാകുന്നു? അവൻ *കർത്താവുകുന്നു.*

യേശു കർത്താവെന്ന് ഞാൻ വിശ്വസിക്കുമ്പോൾ പൂർണ്ണ ഹൃദയ ത്തോടെ എന്റെ സകല പ്രവൃത്തികളിലും യേശുവിനെ കർത്താവായി അംഗീകരിക്കുന്നു. ഞാൻ അവന് പൂർണമായും വിധേയപ്പെടുത്തുന്നില്ലെങ്കിൽ ഞാൻ അവനെ വിശ്വസിക്കുന്നില്ല. എന്റെ ബൂട്ടിനുള്ളിൽ മാരകമായ ഒരു വിഷപാമ്പ് ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു – ഇങ്ങനെ ഒരുവൻ പറഞ്ഞിട്ട് അവൻ ആ ബൂട്ടുകൾ ധരിച്ചാൽ അവൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ കാര്യം യഥാർത്ഥത്തിൽ അവൻ വിശ്വസിക്കുന്നില്ല. പാപത്തെ ഏറ്റു പറഞ്ഞ് ഹൃദയത്തെ പൂർണ്ണമായി യേശുവിൽ സമർപ്പിക്കാത്ത ഒരുവൻ യഥാർത്ഥത്തിൽ യേശുവിൽ വിശ്വസിക്കുന്നില്ല. അവൻ സങ്കല്പത്തിലുള്ള ഒരു യേശുവിലാണ് വിശ്വസിക്കുന്നത്. ഭൂമിയിലും സ്വർഗ്ഗത്തിലും സർവ്വ അധികാരമുള്ള കർത്താവായ യേശുവിൽ വിശ്വസിക്കുന്നില്ല..

ക്രൈസ്തവ തത്വത്തിന്റെ അടിസ്ഥാന മർമ്മം മനസ്സിലാക്കാത്ത ഒരു ശുശ്രൂഷകൻ തുടക്കത്തിലെ തെറ്റിപ്പോകും. ലോകത്തിന് പകരാൻ ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ സന്ദേശത്തിന്റെ അടിസ്ഥാനം തെറ്റായ രീതിയിൽ ഈ ശുശ്രൂഷകൻ ധരിച്ചിരിക്കുന്നതുകൊ്, ദൈവത്തിന്റെ യഥാർത്ഥ മൂല്യത്തെ നിർണ്ണയിക്കുന്നതിൽ ഈ ശുശ്രൂഷകൻ വിജയിക്കുന്നില്ല. അയാൾ, വളർന്നുകൊിരിക്കുന്ന ഒരു സഭയിലെ പാസ്റ്റർ ആയിരുന്നാൽ പോലും ശുശ്രൂഷയെക്കുറിച്ച് ദൈവത്തിനുള്ള പൊതുദർശനം വിജയകരമായി നിറവേറ്റുന്നതിൽ പരാജയപ്പെടുന്നു.

## ആഴമേറിയ ദർശനം
## (The Big Vision)

നമുക്ക് മത്തായി 28:18–19 വരെയുള്ള വാക്യങ്ങൾ നോക്കാം. കർതൃത്വം പ്രാപിച്ചശേഷം യേശു കല്പിച്ചു:

> ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊ് സകല ജാതികളേയും ശിഷ്യന്മാരാക്കിക്കൊൾവിൻ (മത്താ 28:19–20മ).

യേശു പറഞ്ഞ വാക്ക് ശ്രദ്ധിക്കുക: *അതുകൊ്* നിങ്ങൾ പോയി സകലരേയും ശിഷ്യരാക്കിക്കൊള്ളുവിൻ. അതായത് നിങ്ങളോട് ഞാൻ കല്പിച്ച പ്രകാരം എനിയ്ക്ക് സർവ്വ അധികാരവും നൽകപ്പെട്ടിരിക്കുന്നു, ഞാൻ കർത്താവാകുന്നു, അത്കൊ് സകലരും എന്നെ അനുസരിക്കണം.

അതുകൊ് ഞാൻ കല്പിക്കുന്നു. (നിങ്ങൾ എന്നെ അനുസരിക്കണം). എന്റെ കല്പനകളെ അനുസരിക്കാൻ അഭ്യസിപ്പിച്ച് സകലരേയും ശിഷ്യരാക്കിക്കൊള്ളുവിൻ.

ക്രിസ്തുവിന്റെ ആജ്ഞകളെ അനുസരിക്കുന്ന ഒരു കൂട്ടം ശിഷ്യന്മാരെ വാർത്തെടുക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. നമ്മെക്കുറിച്ച് ദൈവത്തിനുള്ള ഇച്ഛ അതാണ്. അപ്പോസ്തലനെന്ന നിലയിൽ ദൈവം സകലജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്താൻ കൃപ നൽകി എന്നുപറയുന്നു. (റോമർ 1:5) ലക്ഷ്യം--അനുസരണം; അനുസരണത്തിലേക്കുള്ള മാർഗ്ഗം--വിശ്വാസം. കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവന്റെ കല്പനകളെ പ്രമാണിക്കുന്നു.

പെന്തക്കോസ്തു ദിവസം പൗലോസ് പ്രസംഗിച്ചു: നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കേയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ (അപ്പോ: പ്രവൃ: 2:36). യേശു കർത്താവും ക്രിസ്തുവും ആണെന്ന് യേശുവിനെ ക്രൂശിച്ചവർ അറിയണമെന്ന് പത്രോസ് ആഗ്രഹിച്ചു. അവർ ആരെ അനുസരിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ അവനെത്തന്നെ അവർ കൊന്നു. മുറിവേറ്റവരെപ്പോലെ അവർ ചോദിക്കുന്നു:ഞങ്ങൾ എന്തുചെയ്യണം? പത്രോസ് പറഞ്ഞു: മാനസാന്തരപ്പെടുവിൻ; അതായത് അനുസരണക്കേടിൽ നിന്ന് അനുസരണ യിലേക്ക് തിരിയുവിൻ, യേശു പറഞ്ഞതുപോലെ സ്നാനപ്പെടുവിൻ. പത്രോസ് ക്രിസ്തുവിന്റെ അനുസരണമുള്ള ശിഷ്യന്മാരെ വാർത്തെടുക്കുകയായിരുന്നു. പത്രോസ് ശരിയായ സന്ദേശത്തിലുടെ ശിഷ്യത്വത്തിന്റെ ശരിയായ പാത ആരംഭിക്കുകയായിരുന്നു.

ഈ അടിസ്ഥാനത്തിൽ ഒരോ ശുശ്രൂഷകനും തന്റെ വിജയത്തെ വിലയിരുത്തണം. ക്രിസ്തുവിന്റെ കല്പന ജനത്തെ അനുസരിക്കാൻ പ്രാപ്തരാക്കാൻ എന്റെ ശുശ്രൂഷയിലൂടെ എനിക്ക് കഴിഞ്ഞോ എന്ന് സ്വയം ചോദിക്കണം. കഴിഞ്ഞെങ്കിൽ നാം വിജയിച്ചു. കഴിഞ്ഞില്ലെങ്കിൽ നാം പരാജയപ്പെട്ടു.

പശ്ചാത്തപിക്കാതെ, പാപം ഏറ്റുപറയാതെ ജനം യേശുവിനെ സ്വീകരിക്കാൻ ഒരു സുവിശേഷകൻ പ്രോത്സാഹിപ്പിച്ചാൽ അത് പരാജയമാണ്. എല്ലാവരേയും സന്തോഷിപ്പിച്ച് സാമൂഹ്യ പ്രവർത്തനങ്ങൾ ചെയ്ത് ഒരു പാസ്റ്റർ ഒരു വലിയ കൂട്ടായ്മ ഉാക്കാൻ ശ്രമിച്ചാൽ അതും പരാജയമാണ്. കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ *കാറ്റ് വീശട്ടെ* എന്ന മുദ്രാവാക്യം വിജയപ്രദമല്ല. യേശുവിനെ വിശ്വസിക്കുകയും എന്നാൽ യേശുവിനെ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന ജനത്തെക്കൂട്ടി ഒരു അപ്പോസ്തലൻ സഭ പണിതാൽ അത് പരാജയമാണ്. ഒരുവന്റെ

ജിവിതത്തിൽ ഉാകാൻ പോകുന്ന അനുഗ്രഹങ്ങളെ മാത്രം പ്രവചിക്കുന്ന ഒരു പ്രവാചകന്റെ ശുശ്രൂഷ പരാജയമാണ്.

## എന്റെ പരാജയം
## (My Failure)

വളർന്നുകൊിരിക്കുന്ന ഒരു സഭയിൽ നാളുകൾക്കുമുമ്പ് ഞാൻ ശുശ്രൂഷിച്ചുകൊിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് എന്നോട് ചോദിച്ച ഒരു ചോദ്യം എന്റെ കണ്ണ് തുറപ്പിച്ചു. ദൈവത്തിന്റെ ദർശനത്തിൽനിന്നും വളരെ വിഭിന്നമായാണ് എന്റെ ശുശ്രൂഷ നീങ്ങുന്നത് എന്ന ബോധം എന്നിൽ ഉായി. ചെമ്മരിയാടുകളേയും കോലാടുകളേയും കുറിച്ച് മത്തായി 25:31:46ൽ പ്രതിപാദിച്ചിരിക്കുന്ന ന്യായവിധിയെക്കുറിച്ച് ഞാൻ വായിച്ചുകൊിരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്നോട് ഇപ്രകാരം ചോദിച്ചു. *നിന്റെ സഭാകൂട്ടായ്മയിൽ ഉള്ള വിശ്വാസികൾ ഇന്ന് മരിച്ച് ന്യായവിധിക്കുമുമ്പിൽ നിൽക്കേിവന്നാൽ അവയിൽ എത്രയെണ്ണം ചെമ്മരിയാടുകളും, എത്രയെണ്ണം കോലാടകളും ആയിരിക്കും?* അല്പംകൂടി വ്യക്തമായി പറഞ്ഞാൽ - കഴിഞ്ഞവർഷം നിങ്ങളുടെ കൂട്ടായ്മയിലുള്ള എത്ര പേർ ക്രിസ്തുവിനുവേി നിലകൊള്ളുന്ന സഹോദരീ സഹോദരന്മാരുടെ വിശപ്പടക്കാൻ ആഹാരം കൊടുത്തു? അവരുടെ ദാഹം തീർക്കാൻ വെള്ളം കൊടുത്തു? ഭവനങ്ങളില്ലാത്ത - ക്രിസ്തുവിനുവേി യാത്ര ചെയ്യുന്നവർക്ക് അഭയം കൊടുത്തു? വസ്ത്രമില്ലാതിരുന്നവർക്ക് വസ്ത്രം കൊടുത്തു? രോഗികളായിരുന്ന, തടവിലായിരുന്ന എത്രപേരെ നിങ്ങൾ സന്ദർശിച്ചു? -- ഞാൻ ഒരു വാസ്തവം മനസ്സിലാക്കി, അവർ സഭയിൽ വരികയും പാട്ടു പാടുകയും എന്റെ സന്ദേശം ശ്രദ്ധിക്കുകയും സ്തോത്ര കാഴ്ചകൾ അർപ്പിക്കുകയും ചെയ്തിട്ട്. എന്നാൽ അവരിൽ ചിലർ പോലും മേൽപറഞ്ഞ കാര്യങ്ങളോ അതിനു സമാനമായ കാര്യങ്ങളോ ചെയ്തിട്ടില്ല. ക്രിസ്തുവിന്റെ പട്ടികയിൽ അവർ കോലാടുകളുടെ സ്ഥാനത്തിനുമാത്രം അർഹതയുള്ളവർ ആയിരുന്നു. എനിക്കവരെ അക്കാര്യത്തിൽ കുറ്റപ്പെടുത്താൻ കഴിയുമായിരുന്നില്ല, കാരണം ഞാൻ അവരെ ക്രിസ്തുവിനു വേി നിലകൊള്ളുന്ന സഹോദരങ്ങളെ സഹായിക്കേ ആവശ്യകതയെക്കുറിച്ച് പഠിപ്പിച്ചിരുന്നില്ല. ക്രിസ്തുവിന്റെ കല്പനകളെയെല്ലാം പാലിക്കേതാണെന്ന് ഞാൻ അവരെ പഠിപ്പിച്ചില്ല. ദൈവം ഏറ്റവും പ്രാധാന്യം കൊടുത്ത വിഷയത്തെ ഞാൻ അവഗണിക്കുകയായിരുന്നെന്ന് എനിക്കു ബോധ്യമായി. രാമത്തെ കല്പനയായ *നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക*, നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ എന്ന യേശുവിന്റെ കല്പനയെയും ഞാൻ അവഗണിക്കുകയായിരുന്നു.

ശിഷ്യന്മാരെ (വിശ്വാസികളെ) നേടുവാൻ ദൈവം ആഗ്രഹിക്കുന്ന മാർഗ്ഗത്തിന് എതിരായിട്ടാണ് ഞാൻ പ്രവർത്തിക്കുന്നതെന്ന് എനിക്ക് ബോധ്യമായി. സുവിശേഷപോഷണം എന്ന പുതിയ മാർഗ്ഗത്തെയാണ് എന്റെ സഭയിൽ ഞാൻ പഠിപ്പിച്ചത്. പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ

തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത് (മത്തായി 6:19–24), നിങ്ങളുടെ നടപ്പ് ദുരാഗ്രഹം ഇല്ലാത്തതായിരിക്കട്ടെ. ഉള്ളത്കൊ് തൃപ്തിപ്പെടുവിൻ (എബ്രാ, 13:5, 1 തിമോ 6:7–8). സമ്പന്നരായ അമേരിക്കൻ വിശ്വാസികളെ കൂടുതൽ സമ്പത്തുാക്കാൻ ഞാൻ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ദൈവം അവരെക്കുറിച്ച് അത് ആഗ്രഹിക്കുന്നു എന്ന് ഞാൻ പഠിപ്പിച്ചു. യേശുവിനെ പൂർണ്ണമായി അനുസരിക്കുകയും അംഗീകരിക്കുകയും വേണമെന്ന് ഞാൻ പഠിപ്പിച്ചില്ല (ലോകത്തിൽ ആയിരക്കണക്കിന് പാസ്റ്റർമാർ ചെയ്യുന്നതു പോലെതന്നെ).

ഞാൻ ചെയ്യുന്നത് എന്താണെന്ന് ഒരിക്കൽ ഞാൻ അറിഞ്ഞു. പ ാശ്ചാത്തപിച്ച്, എന്റെ സഭയോട് ഞാൻ മാപ്പ് ചോദിച്ചു. ശിഷ്യന്മാരെ നേടുവാൻ ഞാൻ ശ്രമം ആരംഭിച്ചു. യേശുവിന്റെ കല്പനകൾ ഒന്നുപോലും ചോർന്നുപോകാതെ പൂർണ്ണമായി അനുസരിക്കുവാൻ ഞാൻ അവരെ പ ഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്തു. എന്നാൽ എനിക്ക് ഭയമു ായിരുന്നു കാരണം നാമധേയ ക്രിസ്ത്യാനികളായി സമൂഹത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന അനേകർ എന്റെ സഭയിൽ ഉായിരുന്നു. അവർ യേശുവിന്റെ കല്പനകളെ അനുസരിക്കാൻ താല്പര്യമുള്ളവർ ആയിരുന്നില്ല. ത്യാഗമനോഭാവം ഉള്ളവരായിരുന്നില്ല. ഞാൻ സംശയിച്ചതു സംഭവിച്ചു. സഭയിലെ ഒരു ന്യൂനപക്ഷം യേശുവിന്വേ ത്യാഗം സഹിക്കുന്ന വിശ്വാസികളുടെ വേദനകളെ കില്ലായെന്ന്നടിച്ചു. സുവിശേഷം കേട്ടിട്ടില്ലാത്തവർക്കായി സുവിശേഷം എത്തിക്കുന്ന ചുമതലയിൽ നിന്ന് ബോധപൂർവ്വം ഇക്കൂട്ടർ ഒഴിഞ്ഞുമാറി. തങ്ങൾക്ക് കുടുതൽ നേടുവാനും സമ്പാദിക്കുവാനും അവർ ശ്രദ്ധിച്ചു. സാധാരണക്കാരായ അവിശ്വാസികളെ പ്പോലെ അപവാദപരമായ ചില പാപങ്ങൾ മാത്രം ഒഴിവാക്കി, യാഥാസ്ഥിതി ക്കാരായ സാധാരണ അമേരിക്കക്കാരെ പോലെ ജീവിച്ചു. അവർ ദൈവത്തെ സ്നേഹിച്ചില്ല കാരണം യേശുവിന്റെ കല്പനകളെ പാലിക്കാൻ അവർ തയ്യാറായിരുന്നില്ല. എന്റെ കല്പനകളെ അനുസരിക്കുന്നവൻ എന്നെ സ്നേ ഹിക്കുന്നവൻ ആകുന്നു (യോഹ 14:21) എന്ന കല്പന അവർ പാലിച്ചില്ല.

ഞാൻ ഭയപ്പെട്ടതുതന്നെ സംഭവിച്ചു. സഭയിലെ ചില വിശ്വാസികൾ ചെമ്മരിയാടിന്റെ വേഷം അണിഞ്ഞ കോലാടുകൾ ആയിരുന്നു. ലോകത്തെ വെടിഞ്ഞു കുരിശ് എടുക്കാൻ നിർദ്ദേശിച്ചവരോട് അവർ കോപിഷ്ടരായി. ക്ലബുകളോ, ബാറുകളോ പോലെ ആയിരുന്നു അവർക്ക് ആരാധനാലയം. രക്ഷയെ ഉറപ്പിക്കുന്നതോ, ദൈവസ്നേഹത്തെ പ്രതിപാദിക്കുന്നതോ ആയ പ്രസംഗങ്ങൾ അവർക്കിഷ്ടമില്ലായിരുന്നു. ദൈവം അവരെക്കുറിച്ച് ആഗ്രഹിക്കുന്നതെന്തെന്ന് കേൾക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. അവരുടെ രക്ഷയെ ആരും ചോദ്യം ചെയ്യുന്നത് അവർക്ക് ഇഷ്ടമായിരുന്നില്ല. ദൈവത്തിന്റെ ഇഷ്ടപ്രകാരം അവരുടെ ജീവിതത്തെ വ്യത്യാസപ്പെടുത്താൻ അവർ തയ്യാറായിരുന്നില്ല. അവർ കൊടുക്കുന്നതിന്റെ ഇരട്ടി മടക്കികിട്ടുന്നതിനാലും സഭയുടെ സൗകര്യങ്ങൾ വികസിക്കും എന്നതിനാലും സഭക്ക് പണം നൽകാൻ അവർക്ക് താല്പര്യമായിരുന്നു.

## ആത്മപരിശോധനക്കുള്ള ഒരു സന്ദർഭം
## (A Time for Self Examination)

*ഞാൻ ശുശ്രൂഷിക്കുന്ന എന്റെ സഭയിലെ വിശ്വാസികൾ ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്ന ന്യായവിധിക്കുമുമ്പിൽ നില്ക്കുമ്പോൾ അവയിൽ എത്രയെണ്ണം ചെമ്മരിയാടുകളായിരിക്കും? എത്രയെണ്ണം കോലാടുകളായിരിക്കും?* പ രിശുദ്ധാത്മാവ് എന്നോട് ചോദിച്ച ഈ ചോദ്യം ഈ പുസ്തകം വായിക്കുന്ന ഓരോ ശുശ്രൂഷകനും സ്വയം ചോദിക്കുന്നത് നന്നായിരിക്കും. കോലാടുകളുടെ സ്വഭാവം കാണിച്ച വിശ്വാസികളെ ശുശ്രൂഷകൻ പ്രോത്സാഹിപ്പിച്ചപ്പോൾ യേശുവിന്റെ വാഗ്ദത്തത്തിന് എതിരായി ശുശ്രൂഷകൻ പ്രവർത്തിക്കുക യായിരുന്നു. മത്തായി 25:31–46 വചനപ്രകാരം ശുശ്രൂഷകൻ യേശുവിന് എതിരായി ജനത്തെ പഠിപ്പിക്കുകയായിരുന്നു. കോലാടുകൾക്ക് മുന്നറിയിപ്പുനൽകാൻ യേശു ആഹ്വാനം ചെയ്യുന്നു. ഞങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള പ്രയാണത്തിന്റെ പാതയിലാണ് എന്ന തെറ്റായ ധാരണ ഈ കോലാടുകൾക്ക് ഉാകരുത്.

നാം പ്രകടിപ്പിക്കുന്ന പരസ്പര സ്നഹത്തിലുടെ നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് ലോകം അറിയണം (യോഹ 13.35). അക്രൈസ്തവർ പ രസ്പരം പങ്കിടുന്ന നിസ്സീമമായ സ്നഹമല്ല അളക്കാൻ ആവാത്തത്ര ആഴമുള്ള അധികം സ്നേഹം. ഈ സ്നേഹമാണ് ശിഷ്യന്മാരെ അവിശ്വാസികളുടെ കൂട്ടത്തിൽനിന്നു തിരിച്ചറിയാൻ സഹായിക്കുന്നത്. യേശു നമുക്ക് നൽകിയത് ആ മഹത്സ്നേഹമാണ്. സ്വയത്തെ ത്യജിക്കുന്ന സ്നേഹം, അവൻ നമ്മെ സ്നഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുക. സ്വയത്തെപ്പോലും ത്യജിച്ച് പരസ്പരം സ്നേഹിക്കുക (യോഹ.13:34) (1 യോഹ: 3: 16–20). അവൻ നമുക്കുവേി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ അവന്റെ സ്നേഹം എന്തെന്ന് നാം അറിഞ്ഞിരിക്കുന്നു. നമ്മളും സഹോദരന്മാർക്കുവേി പ്രാണനെ വെച്ചുകോടുക്കേതാകുന്നു. യോഹന്നാൻ എഴുതുന്നു – നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം (1 യോഹ 3:14) പല്ലുകടിക്കുന്നവർ, എതിർ പറയുന്നവർ, യേശുവിന്റെ കല്പനകളെ പഠിപ്പിക്കുന്നവരെ എതിർക്കുന്നവർ ഇവരൊക്കെ വീും ജനിച്ചവരാണോ? അല്ല, അവർ കോലാടുകളാണ്, നരകത്തിന്റെ വഴിതേടുന്ന കോലാടുകൾ!

## സാർവ്വദേശീയ ശിഷ്യന്മാർ
## (Disciples of All Nations)

മത്തായി 28:19–20ൽ യേശു ശിഷ്യന്മാർക്കുനൽകിയ പൊതുവായ അധികാരപത്രത്തിന്റെ പൊരുളിൽ മറ്റെന്തെങ്കിലും സത്യം ഉോ എന്നു നോക്കാം.

> ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊ് സകല ജാതികളേയും ശിഷ്യന്മാരാക്കിക്കൊൾവിൻ (മത്താ 28:19–20മ).

*എല്ലാ ദേശങ്ങളിലും* (യവന ഭാഷയിൽ പറഞ്ഞാൽ) ലോകത്തിലെ എല്ലാ *മനുഷ്യ വർഗ്ഗത്തിൽനിന്നും* ശിഷ്യന്മാർ ഉാകണമെന്ന് യേശു ആഗ്രഹിക്കുന്നു. യേശു അങ്ങനെ കല്പിച്ചെങ്കിൽ തീർച്ചയായും എനിക്കങ്ങനെ ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ലോകത്തിലുള്ള എല്ലാ മനുഷ്യവർഗ്ഗത്തിൽ നിന്നും യേശുവിനുവേി ശിഷ്യന്മാരെ നേടുവാൻ *നമുക്ക് കഴിയും.* ഇത് യേശുവിന്റെ അപ്പോസ്തലന്മാരായിരുന്ന പതിനൊന്ന് ശിഷ്യന്മാരുടെ മാത്രം ചുമതലയല്ല. അവരെ പിൻപറ്റിയ ശിഷ്യന്മാരുടേയും (വിശ്വാസികളുടേയും) കർത്തവ്യമാണ്. കാരണം നിങ്ങൾ പോയി സകലരേയും ശിഷ്യന്മാരാക്കികൊള്ളുവിൻ എന്നു യേശു അവരോട് പറഞ്ഞു. യേശു ശിഷ്യന്മാരെ തന്റെ കല്പനകൾ അനുസരിക്കാൻ പഠിപ്പിച്ചു. ഈകല്പനകൾ പഠിപ്പിച്ച് മറ്റുള്ളവരേയും ശിഷ്യരാക്കണമെന്ന് യേശു തന്റെ ശിഷ്യന്മാരോട് അരുളിചെയ്തു. യേശുവിന്റെ കല്പന ഏവർക്കും മാതൃകാപരമായ ഒരടിസ്ഥാനമായിരിക്കണം. *യേശുവിന്റെ എല്ലാശിഷ്യന്മാരും ദേശത്തെങ്ങും ശിഷ്യന്മാരെ നേടാൻ ഈ മാതൃക പിൻപറ്റണം.*

എല്ലാവരേയും ശിഷ്യരാക്കുക എന്ന **മഹത്തായ ഒരു ദൗത്യം** എന്തുകൊ് നിവർത്തിക്കപ്പെടുന്നില്ല? ലക്ഷക്കണെക്കിന് വിശ്വാസികൾ ഉങ്കെിലും യേശുവിനായി പൂർണ്ണമായി സമർപ്പിക്കപ്പെട്ട യഥാർത്ഥ ശിഷ്യന്മാർ വളരെ കുറവാണ്. സകലരേയും ശിഷ്യരാക്കുക എന്ന ലക്ഷ്യത്തിനായി ഭൂരിഭാഗം വിശ്വാസികളും പ്രവർത്തിക്കുന്നില്ല. ഇതിനു കാരണം അവർ കർത്താവിന്റെ കല്പനയുടെ കാതൽ പൂർണ്ണമായി അംഗീകരിക്കുയോ പാലിക്കുകയോ ചെയ്യുന്നില്ല എന്നുള്ളതാണ്. ഈവിഷയം പരാമർശിക്കപ്പെടുമ്പോൾ *ഇത് എന്റെ ശുശ്രൂഷയല്ലാ, ഞാൻ അതിലേക്ക് വിളിക്കപ്പെട്ടിട്ടില്ല.* ഇങ്ങനെ പലരും ഒഴികഴിവ് പറഞ്ഞു ഒഴിവാകാറു്.

കർത്താവിന്റെ കല്പനകളിൽ തങ്ങൾക്ക് അനുയോജ്യമായവ മാത്രം സ്വീകരിക്കുന്ന ചില കോലാടുകൾ സഭയിലു്. ഇവരെപോലെത്തന്നെ ചിന്തിക്കുകയും പ്രവർത്തിക്കുയും ചെയ്യുന്ന ചില ഇടയന്മാരുമു്.

സമൂഹം അംഗീകരിച്ച ക്രിസ്തീയ വിഭാഗങ്ങൾ യേശുക്രിസ്തുവിനെ യഥാർത്ഥമായി വിശ്വസിക്കുകയും യേശുവിന്റെ കല്പനകൾ പ്രമാണിക്കുകയും ചെയ്തിരുന്നെങ്കിൽ, നാളുകൾക്കുമുമ്പെ ദേശമെങ്ങും സുവിശേഷത്തിന്റെ മാറ്റൊലി മുഴങ്ങുമായിരുന്നു. ഈ കർത്തവ്യം പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നു. ഭൗതികമായ ജഡീക സുഖത്തിനുവേി സമ്പത്തും സമയവും ചിലവിടുന്നത് അവസാനിപ്പിച്ച് കർത്താവിന്റെ കല്പന അനുസരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ, ഈ കർത്തവ്യം നിറവേറ്റാൻ കഴിയുമായിരുന്നു.

സഭാശുശ്രൂഷക്ക് ഒരു മിഷിനറി പങ്കെടുക്കുമെന്ന് പാസ്റ്റർ പരസ്യപ്പെടുത്തുമ്പോൾ, പലപ്പോഴും സഭയിലെ അംഗസംഖ്യ ആ ദിവസം കുറവുള്ളതായികാണാം. ആടുകൾ ഭൂരിഭാഗം ഒന്നുകിൽ അന്നു വീട്ടിൽ തങ്ങും അല്ലെങ്കിൽ മറ്റെവിടെയെങ്കിലും പോകും. നിങ്ങൾ ദേശത്തൊക്കേയും പോയി സകലരേയും ശിഷ്യരാക്കിക്കൊള്ളുവിൻ എന്ന കല്പന അനുസരിക്കാൻ ഇവർക്ക് താല്പര്യമില്ല, എന്നുതന്നെയല്ല, ഈ ആഹ്വാനം അവരെ ക്ഷോഭത്തിന് ഇടയാക്കുകയും ചെയ്യുന്നു.

മത്തായി 28:18-20ൽ യേശു, ശിഷ്യന്മാരോട് പറഞ്ഞു: സകലരേയും സ്നാനം കഴിപ്പിച്ച് ശിഷ്യരാക്കിക്കൊള്ളുവിൻ - അപ്പൊസ്തലന്മാർ ഇത് പൂർണ്ണമായി അനുസരിച്ചു. അനുതപിച്ചു യേശുവിൽ വിശ്വസിച്ചവരെ അപ്പോസ്തലന്മാർ സ്നാനപ്പെടുത്തി. കർത്താവിന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും അനുരൂപപ്പെടുന്നതാണ് സ്നാനം. പുതുവിശ്വാസി സ്നാനത്തിലൂടെ മരിച്ച് ഉയർത്തെഴുന്നേറ്റ് യേശുവിൽ പുതിയ സൃഷ്ടിയായിത്തീരുന്നു. സ്നാനത്തിലുടെ ഒരു പുതുവിശ്വാസി രൂപാന്തരപ്പെട്ടv ഉള്ളിൽ മുദ്ര ഏറ്റു പുതിയ വ്യക്തിയായിമാറുന്നു. അവൻ ക്രിസ്തുവിനോടു ചേർന്നു ഏക ആത്മാവാകുന്നു, തന്നിൽ ജീവിക്കുന്ന ക്രിസ്തു മുഖാന്തിരം ശക്തി ആർജ്ജിച്ച്, ദൈവത്തെ അനുസരിക്കാൻ ശക്തനാകുന്നു. പാപത്താൽ മരിച്ച ഒരുവൻ സ്നാനത്തിലുടെ കഴുകപ്പെട്ട് പരിശുദ്ധാത്മാവിനാൽ പുതുജീവൻ പ്രാപിച്ചവനായിത്തീരുന്നു. ക്ഷമ ലഭിച്ചവൻ എന്നതിലുപരി സമൂലമായി മാറ്റത്തിനുവിധേയപ്പെട്ടവനാകുന്നു. യഥാർത്ഥ വിശ്വാസികൾ തികച്ചും വ്യത്യസ്തരാണ്. ആത്മീയമായി മരിച്ചിരുന്ന കാലത്തെ അവരുടെ പ്രവർത്തിയും അവരുടെ ഇപ്പോഴത്തെ പ്രവർത്തിയും തികച്ചും വ്യത്യസ്തമാണ്. യേശുക്രസ്തുവിന്റെ അവസാനമൊഴികളിൽ ഇത് വ്യക്തമാകുന്നു. **ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഇരിക്കും** (മത്താ. 28:20). യേശുവിന്റെ നിരന്തര സാന്നിധ്യം ഒരുവന്റെ സ്വഭാവത്തിന് മാറ്റം വരുത്തും എന്ന് ചിന്തിക്കുന്നത് തികച്ചും യുക്തമല്ലെ?

## ശിഷ്യത്വത്തെ നിർവചിക്കുന്നു
## (Jesus Defines Discipleship)

നാം ശിഷ്യന്മാരെ നേടണമെന്നാണ് കർത്താവിന് നമ്മെക്കുറിച്ചുള്ള ആഗ്രഹം. അതായത് ജനം തങ്ങളുടെ പാപം ഏറ്റുപറഞ്ഞ് യേശുവിന്റെ കല്പനകൾ അനുസരിക്കണം. യോഹന്നാൻ 8:32ൽ ശിഷ്യൻ എന്നാൽ എന്ത് എന്ന് യേശു നിർവചിക്കുന്നു.

> എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.

യേശുവിന്റെ അഭിപ്രായത്തിൽ യഥാർത്ഥ ശിഷ്യന്മാർ തന്റെ വചനത്തിൽ ജിവിക്കുന്നവരാണ്. അവന്റെ വചനത്തിൽനിന്നും സത്യം ഗ്രഹിക്കുന്നതിനാൽ അവർ ക്രമേണ സ്വതന്ത്രരാകുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും (യോഹ. 8:34-36). ശിഷ്യന്മാർ യേശുവിനെ അനുസരിക്കുകയും അവന്റെ കല്പനകളെ പ്രമാണിക്കുകയും ചെയ്യുന്നതായി നാം കാണുന്നു.

യേശു പറഞ്ഞു:

> നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു *അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും* (യോഹ 15:8).

ശിഷ്യന്മാർ ഫലം കായ്ച്ചുകൊ് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഫലം കായിക്കാത്തവർ അവന്റെ ശിഷ്യന്മാരല്ല. ലൂക്കോ 14:25-33 വരെ ഉള്ള വാക്യങ്ങളിൽ യഥാർത്ഥ ശിഷ്യന്മാർക്കുള്ള പ്രത്യേകതകൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. 25 മുതലുള്ള വാക്യങ്ങൾ നമുക്ക് വായിച്ചു തുടങ്ങാം.

> ഏറിയപുരുഷാരം അവനോടുകൂടി പോകുമ്പോൾ അവൻ തിരിഞ്ഞു അവരോടു പറഞ്ഞത്......

യേശുവിനോടൊപ്പം ഒരു വലിയ പുരുഷാരം പിൻചെന്നതിൽ യേശു സംതൃപ്തനായിരുന്നോ? ഒരു വലിയ പുരുഷാരം അവനെ പ ിൻതുടർന്നതുകൊ് തന്റെ ലക്ഷ്യം യേശുവിന് പൂർത്തീകരിക്കാൻ കഴിഞ്ഞോ?

ഇല്ല, ഒരു വലിയ പുരുഷാരം തന്റെ പ്രസംഗം ശ്രവിച്ചതുകൊാ, തന്റെ അത്ഭുതപ്രവർത്തികൾ കതുകൊാ, തന്നോടൊപ്പം ഭക്ഷണം കഴിച്ചതുകൊാ, തനിക്കു ചുറ്റും കൂടിയിരുന്നതുകൊാ യേശുവിന് ഒരു തൃപ്തിയും തോന്നിയില്ല. പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും, പ ൂർണ്ണ ഹൃദയത്തോടും പിതാവായ ദൈവത്തെ സ്നേഹിക്കുന്ന ആരെങ്കിലും പുരുഷാരത്തിൽ ഉാ എന്നാണ് യേശു നോക്കുന്നത്. തന്റെ കല്പനകളെ അനുസരിക്കുന്നവരെയാണ് യേശുവിന് ആവശ്യം. അവന്

ശിഷ്യന്മാരെയാണ് ആവശ്യം. അതുകൊ് അവനെ പിൻപറ്റിയ പുരുഷാരത്തോട് യേശു പറഞ്ഞു:

> എന്റെ അടുക്കൽ വരികയും, അപ്പനേയും അമ്മയേയും, ഭാര്യയേയും, മക്കളേയും, സഹോദരന്മാരേയും, സഹോദരിമാരേയും, സ്വന്തം ജീവനേയും പകയ്ക്കാതിരിക്കുകയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്കോ 14:26).

യേശുവിന്റെ ശിഷ്യന്മാരായിരിക്കന്നുവർക്ക് ഉായിരിക്കേ യോഗ്യതകളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ ശിഷ്യന്മാർ, അവർ ഏറ്റവും കുടുതൽ സ്നേഹിക്കുന്ന അവരുടെ പ്രിയപ്പെട്ടവരെ യഥാർത്ഥത്തിൽ വെറുക്കണമെന്നാണോ? ഒരിക്കലുമല്ല, അത് യോഗ്യമല്ല കാരണം ഒരുവൻ തന്റെ മാതാപിതാക്കളേയും, കുഞ്ഞുങ്ങളേയും ഭാര്യയേയും സ്നേഹിക്കണം എന്ന് വചനം പറയുന്നു.

യേശു അർത്ഥമാക്കിയത് എന്താണ്? നാം അവന്റെ ശിഷ്യന്മാരായിരിക്കണമെങ്കിൽ നാം യേശുവിനെ കൂടുതൽ സ്നേഹിക്കണം – അതായത് നാം കൂടുതൽ സ്നേഹിക്കുവാൻ അർഹതപ്പെട്ട ആരേക്കാളും ഉപരി യേശുവിനെ സ്നേഹിക്കണം. അവൻ ദൈവമായിരിക്കെ നാം അവനെ പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും പൂർണ്ണഹൃദയത്തോടും സ്നേഹിക്കണം എന്ന് യേശു ആഗ്രഹിക്കുന്നു.

ഭാര്യയേക്കാളും മാതാപിതാക്കളെക്കാളും, കുഞ്ഞുങ്ങളേക്കാളും, മറ്റാരേക്കാളും ഉപരി യേശുവിനെ സ്നേഹിക്കുന്ന ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന കർത്തവ്യമാണ് ശുശ്രൂഷകന്മാർക്കുള്ളത് എന്ന് മറക്കരുത്! *ഇങ്ങനെയുള്ള വ്യക്തികളെ വാർത്തെടുക്കുന്നതിൽ ഞാൻ എത്രമാത്രം വിജയിച്ചിട്ടു്?* ഒരു ശുശ്രൂഷകൻ സ്വയം ചോദിക്കേ ചോദ്യമാണിത്.

ഒരുവൻ യേശുവിനെ സ്നേഹിക്കുന്നു എന്ന് നാം എങ്ങിനെ അറയും? യോഹ 14:21 ൽ യേശു പറയുന്നു – നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ വചനം പ്രമാണിക്കും. ഒരു നിഗമനത്തിൽ നാം എത്തിച്ചേരുന്നു. ഭാര്യയേക്കാൾ, മക്കളേക്കാൾ, മാതാപിതാക്കളേക്കാൾ ഒരുവൻ യേശുവിനെ സ്നേഹിക്കുന്നു എങ്കിൽ അവൻ തീർച്ചയായും യേശുവിന്റെ കല്പനകളെ പ്രമാണിക്കും *യേശുവിന്റെ ശിഷ്യന്മാർ അവന്റെ കല്പനകളെ പ്രമാണിക്കുന്നവരാണ്.*

**രാമത്തെ ആവശ്യകത**

## (A Second Requirement)

യേശുവിനെ പിൻപറ്റിയ പുരുഷാരത്തോടു യേശുപറഞ്ഞു:

തന്റെ ക്രൂശ് എടുത്തുകൊ് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കോ 14:27).

യേശുവിനെ അനുഗമിക്കുന്നവന്റെ രാമത്തെ യോഗ്യതയാണിത്. യേശു ഇതുകൊ് എന്താണ് അർത്ഥമാക്കിയത്? യേശുവിനെ പിൻപറ്റുന്നവർ വലിയ തടിക്കഷണവും ചുമന്ന് നടക്കണമെന്നാണൊ ഇതിന്റെ അർത്ഥം? യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന ജൂതന്മാരിൽ ഭൂരിപക്ഷവും മരണത്തിനുവിധിക്കപ്പെട്ട കുറ്റവാളികൾ ക്രൂശിൽ മരിക്കുന്നത് ക ിട്ടുള്ളവരാണ്. റോമാക്കാർ കുറ്റവാളികളെ പട്ടണത്തിന്റെ വെളിയിലുള്ള പൊതുവഴികളിൽ ക്രൂശിച്ചു കൊല്ലുമായിരുന്നു. ക്രൂശുമരണത്തിന്റെ ഭീകരത വെളിപ്പെടുത്താനും, കുറ്റം ചെയ്യുന്നതിൽനിന്ന് മറ്റുള്ളവരെ പിൻതിരിപ്പിക്കാനുമുള്ള ഒരു മാർഗ്ഗമായിരുന്നു ഇത്.

''നിന്റെ ക്രൂശ് വഹിക്കുക ഇത് യേശുവിന്റെ കാലത്തെ ഒരു സാധാരണ ചൊല്ല് ആയിരുന്നു. ''നിന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക'', ക്രൂശിക്കപ്പെട്ടവരെല്ലാം റോമൻ പടയാളികളുടെ ഈ ശബ്ദം കേട്ടവരാണ്. മരണത്തിന് വിധിക്കപ്പെട്ടവൻ ഭീതിയോടു കേൾക്കുന്ന ഈ വാക്കുകൾ വരുവാനുള്ള ദിനങ്ങളിലെ വേദനയുടെ ഭീകരത വെളിപ്പെടുത്തുന്നു. നിന്റെ ജിവിതത്തിൽ കടന്നുവരുന്ന ദുഃഖത്തെ സ്വീകരിക്കുക എന്ന് അർത്ഥം ധ്വനിപ്പിക്കുന്ന പദപ്രയോഗമാണിത്.

''കക്കൂസ് വൃത്തിയാക്കുന്നത് നിങ്ങൾക്ക് ഇഷ്ടമല്ലായെന്ന് എനിക്കറിയാം'' മക്കളോട് പിതാവ് പറയാറ്. ഇത് ദുർഗ്ഗന്ധം വമിക്കുന്ന ഹീനമായ തൊഴിൽ തന്നെ. പക്ഷേ ഈ കുരിശ് വഹിക്കുക എന്നത് മാസത്തിലൊരിക്കലുള്ള നിങ്ങളുടെ ഉത്തരവാദിത്വമാണ്, അതുകൊ് പോയി ആ തൊഴിൽ ചെയ്യുക.

ഭാര്യമാർ ഭർത്താക്കന്മാരോട് പറയുന്നതായി ഞാൻ സങ്കൽപ്പിക്കുന്നു – പ്രിയപ്പെട്ടവനേ, കൈസർക്ക് (റോമാക്കാർക്ക്) നികുതി കൊടുക്കുന്നത് നിങ്ങൾക്ക് ഇഷ്ടമല്ലെന്നറിയാം, പക്ഷെ നികുതി അടക്കേ ദിവസം ഇന്നാണ്, നികുതി ഈടാക്കുന്നവൻ ഇതാ വരുന്നു. അതുകൊ് ആ കുരിശ് വഹിക്കുക. പോയി നികുതി കൊടുക്കുക.

ഒരുവന്റെ കുരിശ് എന്നത് സ്വയവർജ്ജനയുടെ പര്യായമാണ്. മത്തായി 16:24ൽ യേശു ഇങ്ങനെ പറയുന്നു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ. ഈവാക്യത്തെ ഇങ്ങനെ നിർവ്വചിക്കാം – എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നവൻ, അവന്റെ സ്വന്തം പദ്ധതികളെല്ലാം വലിച്ചെറിഞ്ഞ്,

തന്റെ തീരുമാനത്തിന്റെ പരിണിതഫലമായി വന്നു ചേരുന്ന കഷ്ടതകൾ ഏറ്റെടുക്കാൻ തയ്യാറായി എന്നെ അനുഗമിക്കട്ടെ.

യാഥാർത്ഥ ശിഷ്യന്മാർ യേശുവിനെ അനുഗമിക്കുന്നതുമൂലം വരുന്ന കഷ്ടതകൾ സഹിക്കാൻ തയ്യാറുള്ളവരാണ്. തുടക്കത്തിൽ തന്നെ അവർ സഹിക്കേിവരുന്ന കഷ്ടതകളുടെ കണക്കുകൾ എടുക്കുകയും, കഷ്ടത അന ുപേക്ഷണികമെന്ന് അറിയുകയും എന്നാൽ സ്ഥിരതയോടു ലക്ഷ്യത്തിലേക്കു ഓടുവാൻ പ്രാപ്തരാകുകയും ചെയ്യുന്നു. ഇതാണ് തന്നെ അനുഗമിക്കുന്നതനെക്കുറിച്ച് യേശു പറഞ്ഞത്.

> നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിയുവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്ന് അതുതീർപ്പാൻ വകയുോ എന്നുകണക്കുനോക്കുന്നില്ലയോ? അല്ലെങ്കിൽ അടിസ്ഥാനം ഇട്ട ശേഷം തീർപ്പാൻ വക ഇല്ല എന്നു വന്നേക്കാം. കാണുന്നവർ എല്ലാം ഈ മനുഷ്യൻ പണിയുവാൻ തുടങ്ങി, തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ? അല്ല ഒരു രാജാവ് മറ്റൊരു രാജാവിനോടു പട ഏല്പാൻ പുറപ്പെടുംമുമ്പേ ഇരുപതിനായിരം പടയാളികളുമായി വരുന്നവനോടു താൻ പതിനായിരവുമായി എതിർത്താൽ മതിയോ എന്ന് അലോചിക്കുന്നില്ലയോ? പോരാ എന്നു വരുകിൽ മറ്റവൻ ദൂരത്തിരിക്കുമ്പോൾ തന്നെ സ്ഥാനാപതികളെ അയച്ചു സമാധാനത്തിനായി അപേക്ഷിക്കുന്നു (ലൂക്കോ 14: 28–32).

നിങ്ങൾ എന്റെ ശിഷ്യന്മാരാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ ഭാവിയിൽ അനുഭവിക്കേിവന്നേക്കാവുന്ന കഷ്ടതകളെ മുൻകൂട്ടി കാണണം. അല്ലെങ്കിൽ യാഥാർത്ഥ്യത്തിലേക്കു ചുവടു വയ്ക്കുമ്പോൾ നിങ്ങൾ പിന്മാറിപ്പോകും. യേശുവിനെ പിൻപറ്റുമ്പോഴുായേക്കാവുന്ന കഷ്ടപ്പാടിന്റെ ഫലങ്ങളെ മുൻപേ തിരിച്ചറിയുന്നവരാണ് യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാർ.

## മൂന്നാമത്തെ ആവശ്യകത
## (A Third Requirement)

തന്നെ അനുഗമിച്ച പുരുഷാരത്തോട് ശിഷ്യത്വത്തെക്കുറിച്ച് യേശു പറഞ്ഞു:

> അങ്ങനെത്തന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളത് ഒക്കേയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്കോ 14:33).

ഇത് അതിശയോക്തിയാണെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല കാരണം സർവ്വതും ത്യജിക്കണമെന്ന് പറയുമ്പോൾ – ഭവനം, വസ്ത്രം, ആഹാരം ഇവയൊക്കെയും ഉപേക്ഷിക്കണമെന്നല്ല. മാമോനെ സേവിക്കുകയല്ല, പ്രത്യുതാ മാമോനെ ഉപയോഗിച്ചു സർവ്വത്തിനും ഉടയവനായ ദൈവത്തിന് ശുശ്രൂഷ ചെയ്യുകയാണ് വേത്. ആവശ്യമില്ലാത്ത സമ്പത്ത് ഉപേക്ഷിച്ച്, ലളിത

ജീവിതത്തിലൂടെ ദൈവത്തന്റെ കാര്യവിചാരകനായി, അപ്പോസ്തല പ്രവൃത്തികളിൽ കാണുന്ന ആദിമ ക്രൈസ്തവ വിശ്വാസികളെപ്പോലെ ജീവിക്കണ മെന്നാണ് ഇതിനർത്ഥം. യേശുവിന്റെ കല്പനകൾ അനുസരിക്കുക എന്നതാണ് യേശുവിന്റെ ശിഷ്യനായിരിക്കുക എന്നതുകൊ് അർത്ഥമാക്കുന്നത്. നിങ്ങളുടെ നിക്ഷേപം നശ്വരമായ ലോകത്തിലല്ല, അനശ്വരമായ സ്വർഗ്ഗത്തിൽ ആയിരിക്കട്ടെ എന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. ചുരുക്കത്തിൽ, ഞാൻ അവന്റെ ശിഷ്യൻ ആകുന്നുഎങ്കിൽ ഞാൻ ഫലം കായ്ക്കണം, ഞാനവനെ അധികം സ്നേഹിക്കണം, എന്റെ സ്വന്തകുടുംബാംഗങ്ങളേക്കാളുപരി അവനെ സ്നേഹിക്കണം. യേശുവിനെ അനുഗമിക്കുവാൻ സമർപ്പിക്കപ്പെടുമ്പോൾ തന്മൂലം ഉായേക്കാവുന്ന കഷ്ടകകളെ അഭീമുഖീകരിക്കാൻ കൂടി തയ്യാറായിരിക്കണം. എന്റെ സാമ്പത്തും ധനവും അവൻ (യേശു) പ റയുംപോലെ ചിലവിടാൻ തയ്യാറാകണം (ദൈവം എന്നോട് എന്റെ ധനം ചിലവിടാൻ പറഞ്ഞാൽ അവൻ പറയുന്നതുപോലെ എന്തും ഞാൻ ചെയ്യും. അനേകർ ഇങ്ങനെ പറയുന്നവരാണ്. പക്ഷേ ഈ പ്രസ്താവനയിലൂടെ ഞാൻ എന്നെത്തന്നെ പരിഹസിക്കുന്നില്ല). *കർത്താവിനുവേി നിലകൊള്ളാൻ കരുത്തുള്ള ഈ അണികളെ വാർത്തെടുക്കുന്നത് ശുശ്രൂഷകരായ നമ്മളാണ്.* നാം വാർത്തെടുക്കുന്ന ക്രിസ്തുവിന്റെ അർപ്പണബോധമുള്ള അണികളാണ് ഇത്തരക്കാർ. അതാണ് നമ്മുടെ കല്പിത ലക്ഷ്യം. ശിഷ്യന്മാരെ വാർത്തെടുക്കുന്ന ശുശ്രൂഷകർ എന്ന് നാം വിളിക്കപ്പെടുന്നു!

ലോകത്തിലെ മിക്ക ശുശ്രൂഷകരും തെറ്റായ പാതയിലാണ് എന്നത് അടിസ്ഥാനപരമായ സത്യമാണ്. ഞാൻ ചെയ്തതുപോലെ അവർ അവരുടെ ശുശ്രൂഷയെ വിലയിരുത്തിനോക്കിയാൽ, ദൈവത്തിന്റെ പ്രതീക്ഷക്കും താത്പര്യത്തിനും അനുയോജ്യമായ പ്രവർത്തിയല്ല അവർ ചെയ്യുന്നതെന്നു മനസ്സിലാകും. ക്രിസ്തു ആഗ്രഹിക്കുന്ന നിലവാരത്തിലുള്ള സമർപ്പണ മുള്ളവരുടെ എണ്ണം നോക്കിയാൽ എന്റെ സഭയിൽ യഥാർത്ഥ ശിഷ്യന്മാരായി പരിഗണിക്കപ്പെടാൻ യോഗ്യതയുള്ള ആരെങ്കലുമുാകുമോ എന്ന് സംശയിക്കേ ിയിരിക്കുന്നു.

ഇടയന്മാരെ! (പാസ്റ്റർ) നിങ്ങളുടെ കൂട്ടായ്മയിലേക്ക് നിങ്ങൾ ഒന്നുകണ്ണോടിക്കു. ലുക്കോ 14:26-44ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള എത്ര പേരെ നിങ്ങളുടെ സഭയിൽനിന്നും നിങ്ങൾക്കുചൂികാണിക്കാൻ ഉാകും. സുവിശേകന്മാരെ! നിങ്ങളുടെ സന്ദേശത്തിലൂടെ യേശുവിന്റെ കല്പനകളെ അനുസരിക്കുന്ന എത്ര വ്യക്തികളെ നിങ്ങൾ നേടി?

നാം യേശുവിന്റെ ന്യായവിധിക്കുമുമ്പിൽ നില്ക്കുന്നതിനു മുമ്പ്, നമുക്ക് നമ്മുടെ ശുശ്രൂഷയെ ഒന്നുവിലയിരുത്താം. യേശു ആഗ്രഹിക്കും വിധം ശുശ്രൂഷചെയ്യുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, നമുക്ക് നമ്മെത്തന്നെ

ഒന്നു ശോധനചെയ്യാം. പോരായ്മകൾ കത്തെി ഇപ്പോൾതന്നെ തിരുത്താം. അതിന് നിങ്ങൾ തയ്യാറാണോ?

## അവസാനമായി ലളിതമായ ഒരു ചിന്ത
## (A Final Sobering Thought)

ലൂക്കോ 14:26–33 വരെയുള്ള വചനഭാഗത്തുനിന്ന്, അനേകർ യേശുവിന്റെ ശിഷ്യന്മാരാകണമെന്ന് യേശു ആഗ്രഹിക്കുന്നതായി കാണാം. അവന്റെ ശിഷ്യന്മാരാകുന്നത് എത്ര ഉത്തമമായ കാര്യമാണ്. ലൂക്കോസ് 14–ാം അദ്ധ്യായത്തിൽ യേശു ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുന്നു.

> ഉപ്പു നല്ലതു തന്നെ; ഉപ്പുകാരമില്ലാതെ പോയാൽ എന്തോന്നു കൊ് അതിനു രസം വരുത്തും? പിന്നെ നിലത്തിനും വളത്തിനും കൊള്ളുന്നതല്ല, അതിനെ പുറത്തുകളയും. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ (ലൂക്കോ 14:34–35).

ഇത് പൂരകമല്ലാത്ത ഒരു പ്രസ്ഥാവനയല്ല ഇത് ആരംഭിക്കുന്നത് *അതുകൊ്* എന്ന വാക്കിലാണ്.

ഉപ്പ് രസമുള്ളതായിരിക്കണം. ഈ രസമാണ് അതിനെ ഉപ്പ് ആക്കി മാറ്റുന്നത്. രുചി നഷ്ടപ്പെട്ടാൽ അതുകൊ് പ്രയോജനമില്ല. അത് വലിച്ചെറിയുന്നത് നന്ന്.

ഒരു ശിഷ്യനുമായി ഇതിനുള്ള ബന്ധം എന്താണ്? ഉപ്പ് കാരമുള്ള തായിരിക്കണം, അതുപോലെ, യേശുവിന്റെ ശിഷ്യന്മാരായിരിക്കുന്നവർക്ക് യേശു ആഗ്രഹിക്കുന്ന ഗുണങ്ങളുായിരിക്കണം. അവൻ ദൈവമായിരിക്കുന്നതു കൊ് നമ്മുടെ ധാർമ്മിക ഉത്തരവാദിത്വം അവനെ സ്നേഹിക്കുകയും നമ്മുടെ കുരിശ് ചുമക്കുകയും ആണ്. നാം അവന്റെ ശിഷ്യന്മാർ ആകുന്നില്ലെങ്കിൽ നാം നമ്മുടെ ആളത്വത്തെതന്നെ അവഗണിക്കുകയാണ്. *നാം ഒന്നിനും കൊള്ളാത്തവർ, വലിച്ചെറിയാൻ വിധിക്കപ്പെട്ടവർ.* ഇത് നന്നെന്നുതോന്നുന്നില്ല അല്ലേ?

മറ്റൊരു സന്ദർഭത്തിൽ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു (മത്താ 5: 1):

> നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, ഉപ്പ് കാരമില്ലാതെ പോയാൽ അതിനു എന്തോന്നുകൊു രസംവരുത്തും? പുറത്തുകളഞ്ഞിട്ടു മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല (മത്താ 5:13).

ഇത് ലളിതമായ ഒരു മുന്നറിയിപ്പാണ്. ഒന്നാമതായി രസമുള്ളവരെ കൊു മാത്രമെ ദൈവത്തിനു എന്തെങ്കിലും ഉപയോഗമുള്ളു (അനുസരണയുടെ അടിസ്ഥാനത്തിലുള്ള ഒരു ദൃഷ്ടാന്തം) അല്ലാത്തവരെ

കൊ് ഒരു ഗുണവുമില്ല.  വലിച്ചെറിഞ്ഞു ചവിട്ടികളയാനല്ലാതെ മറ്റൊന്നിനും കൊള്ളില്ല. രാമതായി രസമുള്ളവർ രസം നഷ്ടപ്പെട്ട് രസമില്ലാത്തവരായിത്തീരാൻ സാധ്യതയു്. അല്ലെങ്കിൽ യേശു തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുകയില്ലായിരുന്നു. ഇന്നത്തെ അനേകരുടെ പഠിപ്പിക്കൽ ഇതിന് വിരുദ്ധമാണ്. ഒരുവന് യേശുവിന്റെ ഒരു ശിഷ്യനാകാതെ തന്നെ സ്വർഗ്ഗരാജ്യം അവകാശമാക്കാം, രക്ഷ നിത്യമാണ് അതൊരിക്കലും നഷ്ടപ്പെടുകയില്ല, തുടങ്ങി അനേകം ഉപദേശങ്ങൾ നിലനില്ക്കുന്നു്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ നമുക്ക് ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കാം.